**കേരള സർക്കാർ**

നമ്പർ.92/ഡി.ബി.1/17/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 25/05/2017

# സർക്കുലർ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്-കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് -സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/03/2017 ലെ 2.12ാംനം തീരുമാനം.

.................

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്, ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, ഇതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രത്യേകമായി അന്വേഷിച്ച്, അനുവാദം നൽകുന്നതിന് സൂചന പ്രകാരം തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രേഖകൾ പരിശോധിച്ച്, ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയ ശേഷം, അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

1) ഗുണഭോക്താവ് തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ഒപ്പ് വച്ചിട്ടുള്ള ഉടമ്പടിയുടെ പകർപ്പും വീട് വിൽക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകളും സഹിതമുള്ള അപേക്ഷ
2) അപേക്ഷയുടെ സാധുത പരിശോധിച്ച്, ശുപാർശ ചെയ്തുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം
3) അപേക്ഷകൻ വീട് വിറ്റതിനുശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന രേഖയിൻമേലുള്ള നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുമുള്ള റിപ്പോർട്ട്
4) അപേക്ഷകൻ സമർപ്പിക്കുന്ന രേഖകൾ സത്യമാണെന്നും ഭാവിയിൽ സർക്കാർ നൽകുന്ന ഭവന സബ് സിഡികൾക്ക് അപേക്ഷകൻ അർഹനായിരിക്കില്ലെന്ന് ബോധിപ്പിക്കുന്ന സത്യവാങ്ങ്മൂലം.
5) കരാർ റദ്ദ് ചെയ്തു നല്കുന്നതിനു മുമ്പായി അപേക്ഷകനു നല്കിയിട്ടുള്ള ധനസഹായം 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.
6) കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നല്കേണ്ടതും LIFE മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രഫോർമ തയ്യാറാക്കി എല്ലാ ജില്ലാ കളക്ടർമാർക്കും നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

വി.കെ.ബേബി ഐ.എ.എസ്
ഗവ.സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ല കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കീഴെഴുത്ത് നമ്പർ .ജെ2-19656/17

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദേശം നൽകേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി